LIBRARY ARCHIVES Kerala Legislative Assembly

വിനോദസഞ്ചാര വകുപ്പുമന്ത്രി (ശ്രീ. പി. ശങ്കരൻ): സർ, അതിരപ്പിള്ളിയുടെ സമഗ്ര വികസനത്തിനും അതിരപ്പിള്ളി വെള്ളച്ചാട്ടം വിദ്യുച്ഛക്തി പ്രകാശത്തിൽ കാണുന്നതിനും ഉതകുന്ന ഡൈനാമിക് ഇല്യൂമിനേഷൻ, വിവിധ നിറങ്ങൾ മാറിമാറി വരുന്ന നൂതന ദീപവിതാന സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള പ്രോജക്ട് റിപ്പോർട്ട് ടൂറിസം വകുപ്പ് തയ്യാറാക്കിവരികയാണ്. ഈ പദ്ധതിക്ക് അതിരപ്പിള്ളി പഞ്ചായത്ത് സഹകരണം വാഗ്ദാനം ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള വെള്ളച്ചാട്ട ദീപവിതാന സംവിധാനം രാജ്യത്ത് ആദ്യത്തെ സംരംഭമാണ്. ഏകദേശം അഞ്ചു കോടിയോളം രൂപയാണ് ഈ പദ്ധതിക്ക് മൊത്തം ചെലവു പ്രതീക്ഷിക്കുന്നത്. ബഡ്ജറ്റിൽ ഇതിനാവശ്യമായ തുക വകയിരുത്തിയിട്ടുണ്ട്. സമഗ്രമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. പ്രോജക്ട് പൂർത്തിയാകുന്ന മുറയ്ക്ക് ഈ കാര്യം പരിശോധിക്കുന്നതാണ്.

(7) ശ്രീകൃഷ്ണപുരത്തെ മുറിയങ്കണ്ണി പാലത്തിന്റെ പ്രവൃത്തി

ശ്രീമതി ഗിരിജാ സുരേന്ദ്രൻ: സർ, ശ്രീകൃഷ്ണപുരം നിയോജകമണ്ഡലത്തിലെ വെള്ളിനേഴി പഞ്ചായത്തിലെ മുറിയങ്കണ്ണി പുഴയ്ക്കു കുറുകേയുള്ള മുറിയങ്കണ്ണി പാലത്തിന്റെ നിർമ്മാണപ്രവർത്തനങ്ങൾ അടിയന്തിരമായി ആരംഭിക്കണമെന്നതാണ് എനിക്ക് ഉന്നയിക്കാനുള്ളത്. ശ്രീകൃഷ്ണപുരം, വെള്ളിനേഴി, തച്ചനാട്ടുകര, താഴേക്കാട് എന്നീ നാലു പഞ്ചായത്തുകളേയും ശ്രീകൃഷ്ണപുരം, മണ്ണാർക്കാട്, പെരിന്തൽമണ്ണ എന്നീ മൂന്നു അസംബ്ലി മണ്ഡലങ്ങളേയും പാലക്കാട്-മലപ്പുറം ജില്ലകളേയും പരസ്പരം ബന്ധിപ്പിക്കുന്ന ഈ പാലം നിലവിൽ വന്നാൽ പാലക്കാട് നിന്ന് പെരിന്തൽമണ്ണയിലേക്ക് യാത്ര ചെയ്യുമ്പോൾ എട്ടു കിലോമീറ്റർ ദൂരം ലാഭിക്കാൻ കഴിയും.

മരാമത്തു വകുപ്പുമന്ത്രി (ശ്രീ. എം. കെ. മുനീർ): 2000-ൽ ഈ പാലത്തിന് 210 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയതാണ്. ഈ പാലത്തിന്റെ നിർമ്മാണത്തിനുവേണ്ടി സൈറ്റ് സർവ്വേ പൂർത്തിയാക്കുകയും അലൈൻമെന്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഡിസൈൻ തയ്യാറാക്കി പ്രത്യേക അനുമതി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഈ പാലത്തിന്റെ നിർമ്മാണം നബാർഡിന്റെ ധനസഹായത്തോടെ ചെയ്യാനുള്ള ശ്രമങ്ങൾ നടത്തിവരികയാണ്.

(8) സൗമ്യാ വാസുദേവൻ എന്ന വിദ്യാർത്ഥിനിയുടെ ദുരൂഹമായ മരണം

ശ്രീ. പി. ടി. തോമസ്: സർ, 2004 ജൂൺ 17-ാം തീയതി രാവിലെ 9.30-ന് എറണാകുളം ലാ കോളേജ് വിദ്യാർത്ഥിനി സൗമ്യാ വാസുദേവൻ എന്ന പെൺകുട്ടി എറണാകുളം പനമ്പിള്ളി നഗറിലെ നേവൽ ബേസ് ഫ്ളാറ്റിൽ നിന്നും ചാടി മരിച്ച ദാരുണമായ സംഭവമാണ് ഞാൻ പറയുന്നത്. കുട്ടിയുടെ പിതാവ് പറഞ്ഞതായി കേരളശബ്ദത്തിൽ വന്ന ഒരു ഭാഗം പറയാം. ജൂൺ 15-ന് വൈകുന്നേരം എന്റെ മകൾ കോളേജിൽ നിന്ന് തിരിച്ചു വന്നപ്പോൾ കരഞ്ഞുകലങ്ങിയ മുഖവുമായിട്ടാണ് കടന്നുവന്നത്. അമ്മ കുട്ടിയോട് കാര്യം തിരക്കിയപ്പോൾ സഹപാഠിയായ ചിഞ്ചു ബാലൻ എന്ന വിദ്യാർത്ഥി എന്റെ നഗ്നമായ ചില ഫോട്ടോകൾ കാണിച്ച് തന്നെ ആക്ഷേപിച്ചു എന്നു പറഞ്ഞതായിട്ടാണ് പിതാവ് കേരളശബ്ദത്തിൽ പറഞ്ഞിരിക്കുന്നത്. അവസാനം ഒരു കാര്യം കൂടി അദ്ദേഹം പറഞ്ഞിട്ടുണ്ട്.

സൗമ്യയുടെ മരണത്തിന് ഈ കുട്ടിക്ക് ഉത്തരവാദിത്വമുണ്ടെന്ന് കേരളശബ്ദത്തിൽ പറഞ്ഞിരിക്കുകയാണ്. ഇത് വളരെ ഗുരുതരമായ ഒരു കാര്യമായി കാണണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. വളരെയേറെ പെൺകുട്ടികൾ ഇതുപോലെ പീഡിപ്പിക്കപ്പെടുന്നു. മരണം കഴിഞ്ഞ് രണ്ടു ദിവസം കഴിഞ്ഞപ്പോൾ ഈ കുട്ടിയുടെ ഒരു ഗ്രൂപ്പ് ഫോട്ടോ ഇന്റർനെറ്റിൽ വന്നിട്ടുണ്ട്. മരിക്കുന്ന സമയത്ത് കുട്ടിയുടെ കയ്യിൽ ഒരു മൊബൈൽ ഫോൺ ഉണ്ടായിരുന്നു. അതിൽ ചില സന്ദേശങ്ങളും ഉണ്ടായിരുന്നു. അത് മായ്ച്ചുകളഞ്ഞിരിക്കുന്നു. ഏഴു ദിവസം കഴിഞ്ഞാണ് പോലീസ് മറ്റ് കുട്ടികളെ വിളിച്ച് തെളിവെടുപ്പ് നടത്തിയിരിക്കുന്നത്. അതിലൊക്കെ ദുരൂഹതയുണ്ട്. സമഗ്രമായൊരു അന്വേഷണം നടത്തണം. ജുഡീഷ്യൽ അന്വേഷണം നടത്തി സത്യം വെളിച്ചത്തു കൊണ്ടുവരണം. എസ്. എഫ്. ഐ. നേതാക്കന്മാർ ഈ കാര്യത്തിൽ കള്ളക്കളി നടത്തുന്നതായി ആക്ഷേപമുണ്ട്. ഇതെല്ലാം കേരളശബ്ദത്തിൽ വന്നിട്ടുള്ളതാണ്. വേണ്ട നടപടി സ്വീകരിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. എ. കെ. ആന്റണി): സർ, എറണാകുളം കടവന്ത്രയിലുള്ള 'ശ്രുതി' എന്ന വീട്ടിൽ മാതാപിതാക്കളോടൊപ്പം താമസിച്ചിരുന്ന സൗമ്യാ വാസുദേവൻ എറണാകുളം ലാ കോളേജിൽ രണ്ടാം സെമസ്റ്ററിന് പഠിച്ചുവരുകയായിരുന്നു. തന്റെ സഹപാഠിയും എസ്.എഫ്.ഐ. അനുഭാവിയുമായ ചിഞ്ചു ബാലനുമായി സൗമ്യ സ്നേഹത്തിലായിരുന്നു. 15-6-2004-ന് പുതിയ അദ്ധ്യയനവർഷം തുടങ്ങിയപ്പോൾ ചിഞ്ചു ബാലൻ മറ്റൊരു പെൺകുട്ടിയുമായി അടുപ്പത്തിലായി എന്നും തന്നെ വഞ്ചിക്കുകയായിരുന്നു എന്നും സൗമ്യാ വാസുദേവൻ തന്റെ അടുത്ത സുഹൃത്തുക്കളോട് പരിഭവം പറഞ്ഞതായി അറിവായിട്ടുണ്ട്. ആയതിലുള്ള നിരാശകൊണ്ട് 17-6-04-ന് എറണാകുളത്തെ എം.ഇ.എസ്. ഫ്ളാറ്റിലെ ഏഴാം നിലയുടെ മുകളിൽ നിന്നും നിരവധി ആളുകൾ നോക്കിനിൽക്കേ സൗമ്യ താഴേയ്ക്ക് ചാടി മരിക്കുകയായിരുന്നു എന്നാണ് ഇതുവരെയുള്ള അന്വേഷണത്തിൽ നിന്ന് അറിവായിട്ടുള്ളത്. സൗമ്യാ വാസുദേവൻ ആത്മഹത്യ ചെയ്യാനിടയായ സാഹചര്യത്തെപ്പറ്റി ഹിൽ പാലസ് പോലീസ് സർക്കിൾ ഇൻസ്പെക്ടർ അന്വേഷണം നടത്തിവരുന്നു. ചിഞ്ചുബാലനുമായുള്ള ബന്ധത്തിൽ ഉണ്ടായ ഏതോ തകരാർമൂലമാണ് സൗമ്യ ആത്മഹത്യ ചെയ്തതെന്നും അതിന്റെ യഥാർത്ഥ കാരണം കണ്ടെത്തണമെന്നുമുള്ള സൗമ്യയുടെ മാതാപിതാക്കളുടെ ആവശ്യത്തെക്കുറിച്ച് കൂടുതൽ വിശദമായ അന്വേഷണം നടത്തിവരുന്നുണ്ട്.

(9) ചൈൽഡ് വെൽഫെയർ കമ്മിറ്റികളും ജുവനൈൽ ജസ്റ്റിസ് ബോർഡുകളും രൂപീകരിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. കെ. വി. കുഞ്ഞിരാമൻ: സർ, ബഹുമുഖ ചൂഷണത്തിന് വിധേയമാകുന്ന കേരളത്തിലെ കുട്ടികളുടെ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ലൈംഗികചൂഷണം, നിർബന്ധിച്ച് ജോലി ചെയ്യിക്കൽ, അംഗവൈകല്യം വരുത്തി ഭിക്ഷാടനത്തിന് ഉപയോഗിക്കൽ, വീട്ടുവേലയ്ക്ക് നിർത്തി പീഡിപ്പിക്കൽ ഈ നിലയിൽ കുട്ടികളെ വ്യാപകമായി ചൂഷണം ചെയ്യുന്നതും പീഡിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നിരവധി സംഭവങ്ങൾ ഉണ്ടാകുകയാണ്. ഇതിന്

LIBRARY ARCHIVES Kerala Legislative Assembly